# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് (2026-2027)

## SIXTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2026-2027)

2026 ഫെബ്രുവരി 23-ാം തീയതി സമർപ്പിച്ചത്
(Presented on 23rd February, 2026)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2026

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട്

(2026-2027)

SIXTH REPORT ON THE SCRUTINY OF
DEMANDS FOR GRANTS (2026-2027)

230/2026.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ</u>:

ശ്രീ. ഒ. ആർ. കേളു
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം:</u>

ഡോ. ആർ. ബിന്ദു
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ജോയിന്റ് സെക്രട്ടറി

ശ്രീ. ബി. അനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

7-2-2026, 11-2-2026 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ധനാഭ്യർത്ഥനകളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ സമിതി യോഗങ്ങളിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ വിശദീകരണം ആരായുകയും ചെയ്തിരുന്നു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2026 ഫെബ്രുവരി 19-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ഒ. ആർ. കേളു,**
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 23.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ —XXV

## പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 37,74,71,67,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 2000 രൂപ |

## പട്ടികജാതി വികസന വകുപ്പ്

2225-01-277-53-12—പോസ്റ്റ്മെട്രിക് സ്റ്റുഡൻസിനുള്ള അധിക സംസ്ഥാന സഹായം - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

ബഡ്ജറ്റ് വിഹിതം : 295 കോടി രൂപ (പ്ലാൻ)

1. കേന്ദ്ര സർക്കാരിൽ നിന്നും സ്കോളർഷിപ്പുകൾ ഒന്നും തന്നെ ലഭ്യമാകാത്ത പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന സഹായം നൽകുന്നതിനും കേന്ദ്രസഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന സഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പൂർണ്ണമായും സംസ്ഥാന ബഡ്ജറ്റിൽ നിന്നും ചെയ്യുന്ന വിവിധ ഇനങ്ങൾ ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-48—പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളുടെ നടത്തിപ്പും നവീകരണവും.

ബഡ്ജറ്റ് വിഹിതം : 13 കോടി (പ്ലാൻ)

2. വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.ടി.ഐ.-കളിലെ വിവിധ ട്രേഡുകൾ പരിഷ്കരിച്ച സിലബസ് പ്രകാരമുള്ള ടൂൾ & എക്യുപ്മെന്റ് വാങ്ങുന്നതിനും പരിശീലനാർത്ഥികളുടെ പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും വകുപ്പിന്റെ കെട്ടിട സൗകര്യമുള്ള 14 ഐ.ടി.ഐ.-കളിൽ പുതുതായി ട്രേഡുകൾ ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. അതിനാൽ മേൽ

ശീർഷകത്തിൽ 20 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-282-96—ആരോഗ്യ സംരക്ഷണ പദ്ധതി

ബഡ്ജറ്റ് വിഹിതം : 70 കോടി രൂപ (പ്ലാൻ)

3. ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള സഹായം, ചികിത്സാ ധനസഹായം, ഇതര ആരോഗ്യ സുരക്ഷാ ധനസഹായങ്ങൾ എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.

ബഡ്ജറ്റ് വിഹിതം : 16 കോടി രൂപ (നോൺ പ്ലാൻ)

4. ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി പ്രതിവർഷം 60,000 ജനറൽ വിഭാഗ വിദ്യാർത്ഥികൾ അപേക്ഷിക്കാറുണ്ട്. ഇവരുടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമാണെങ്കിലും എല്ലാ വർഷവും ഈ ഇനത്തിൽ ബഡ്ജറ്റിൽ 16 കോടി രൂപ മാത്രമാണ് വകയിരുത്തുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. മുൻ വർഷത്തെ വിദ്യാർത്ഥികളുടെ കുടിശ്ശിക തീർത്ത് ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ ധന പുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-01-277-89—പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണം

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

5. 2026-27 സാമ്പത്തിക വർഷത്തെ നിലവിലുള്ളതും പാലക്കാട് മെഡിക്കൽ കോളേജിന്റെ പുതുതായി തുടങ്ങുന്നതുമായ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ

ശീർഷകത്തിൽ 40 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. പാലക്കാട് മെഡിക്കൽ കോളേജിലെ ജീവക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നോൺ പ്ലാനിൽ പുതിയ ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-001-99-04-(4)—ഭരണവും നടത്തിപ്പും യാത്രാ ചെലവുകൾ- അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : 75,000 രൂപ (നോൺ പ്ലാൻ)

7. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലേയും, 10 ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളിലേയും 15 വർഷം സേവനം പൂർത്തീകരിച്ച ജീവനക്കാരുടെ അവധിയാത്രാനുകൂല്യം അനുവദിക്കുന്നതിന് നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.45 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-001-99-05-(1)—ഭരണവും നടത്തിപ്പും - ഓഫിസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 44,000 രൂപ (നോൺ പ്ലാൻ)

8. പട്ടിക വികസന വകുപ്പ് ഡയറക്ടറാഫീസിലെയും, 10 ട്രൈബൽ ഡെവലപ്മെന്റ് ഓഫീസുകളും, അവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലേയും വെള്ളക്കരത്തിനും, കുടിശ്ശിക തീർക്കുന്നതിനും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 56,000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-001-99-06—ഭരണവും നടത്തിപ്പും- വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 17 ലക്ഷം രൂപ (നോൺ പ്ലാൻ)

9. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ അധികാര പരിധിയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടങ്ങളുടെ വാടക, നികുതി, കുടിശ്ശിക എന്നീ ഇനങ്ങളിലേക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി

മനസിലാക്കുന്നു. അതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 41.16 ലക്ഷം രൂപ (നോൺ പ്ലാൻ)

10. റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് ആയി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ മിശ്രവിവാഹ ധനസഹായത്തിനായി വകയിരുത്തിയിട്ടുള്ള 25 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ജില്ലാ ഓഫീസുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കുന്നതിന് ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-98-12—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ- സ്കോളർഷിപ്പുകൾ- സ്കോളർഷിപ്പുകളും സ്റ്റൈപ്പെന്റുകളും

ബഡ്ജറ്റ് വിഹിതം : 6.3 കോടി രൂപ (നോൺ പ്ലാൻ)

11. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മെട്രിക്കുലേഷന് ശേഷമുള്ള പഠനത്തിന് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പെന്റ്, പോക്കറ്റ് മണി, ബോർഡിംഗ് എന്നിവയ്ക്കുള്ള ചെലവ് വഹിക്കുന്ന ഈ ശീഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീഷകത്തിൽ 20 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-94-05-(2)—ഗിരിവർഗ്ഗ ഹോസ്റ്റൽ-ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 49.54 ലക്ഷം രൂപ (നോൺ പ്ലാൻ)

12. 110 പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ വൈദ്യുതി ചെലവുകൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.46 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-94-34—ഗിരിവർഗ്ഗ ഹോസ്റ്റൽ – മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 9.0563 കോടി രൂപ (നോൺ പ്ലാൻ)

13. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ 5518 വിദ്യാർത്ഥികളുടെ ഡയറ്ററി ചാർജ്ജ് ഇനത്തിൽ 16.55 കോടി രൂപയും യൂണിഫോം, പഠനോപകരണങ്ങൾ എന്നിവയ്ക്കായി 1.65 കോടി രൂപയും ഉൾപ്പെടെ ആകെ 18.62 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-73-06—പട്ടികവർഗ്ഗ കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ (പ്ലാൻ)

14. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 5 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ വാടക ഒടുക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-49-06—ആശ്രമം സ്കൂൾ / മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ് - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1.14 ലക്ഷം രൂപ (പ്ലാൻ)

15. പട്ടികവർഗ്ഗ വികസന വകുപ്പിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജി. കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ വാടക കൊടുക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 23.88 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-47-05-(2)—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 36,000 രൂപ (നോൺ പ്ലാൻ)

16. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വ്യാവസായിക പരിശീലന കേന്ദ്രങ്ങൾക്ക്, വൈദ്യുത ബില്ലിൽ വരുന്ന വർദ്ധനവ് അനുസരിച്ച് വൈദ്യുത

ബിൽ ഒടുക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 25,000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-47-06—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 80,000 രൂപ (നോൺ പ്ലാൻ)

17. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന വ്യാവസായിക പരിശീലന കേന്ദ്രങ്ങൾക്ക് വാടക നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 20,000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-47-34—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ - മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 56,000 രൂപ (നോൺ പ്ലാൻ)

18. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വ്യവസായിക പരിശീലന കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ഭക്ഷണചെലവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-46-34—ഉല്പാദന പരിശീലന കേന്ദ്രങ്ങൾ - മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

19. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഉല്പാദന പരിശീലന കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ഭക്ഷണ ചെലവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് ടോക്കൺ മാത്രമാണ് വച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 25,000 രൂപ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-28-05-(2)—തൊഴിൽ പരിശീലന സ്ഥാപനങ്ങൾ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 10,000 രൂപ (പ്ലാൻ)

20.പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ വൈദ്യുത ചെലവുകൾക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വൈദ്യുത ബില്ലിൽ വരുന്ന വർദ്ധനവ് കണക്കിലെടുത്ത് വൈദ്യുതി ബിൽ ഒടുക്കുന്നതിന് മേൽ ശീർഷകത്തിൽ 20,000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-28-34—തൊഴിൽ പരിശീലന സ്ഥാപനങ്ങൾ - മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 36.46 ലക്ഷം രൂപ (പ്ലാൻ)

21. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ അന്തേവാസികളുടെ ഭക്ഷണ ചെലവ് ഉൾപ്പെടെയുള്ള ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-282-99-34(3)—വൈദ്യസഹായ ഘടകങ്ങൾ - മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 4.45 ലക്ഷം രൂപ (നോൺ പ്ലാൻ)

22. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് വേണ്ടി പട്ടിവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 4 മിഡ് വൈഫറി സെന്ററുകളിലെയും ഒരു ആയുർവേദാശുപത്രിയും 17 ആയുർവേദ ഡിസ്പെൻസറികളിലെയും 3 അലോപ്പതി ആശുപത്രികളിലെയും ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, രോഗികളുടെ ചികിത്സാചെലവ് എന്നിവയ്ക്കായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-794-99-04-(4)—പട്ടികവർഗ്ഗ വികസനം ഭരണം - യാത്രാ ചെലവുകൾ - അവധി യാത്രാനുകൂല്യം

ബഡ്ജറ്റ് വിഹിതം : 30,000 രൂപ (നോൺ പ്ലാൻ)

23. സംസ്ഥാനത്തെ ഏഴ് സംയോജിത പട്ടിക വർഗ്ഗ വികസന പ്രോജക്ട് ഓഫീസുകളിലെ 15 വർഷം സേവനം പൂർത്തീകരിച്ച ജീവനക്കാർക്ക് അവധി

യാത്രാനുകൂല്യം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.45 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-794-99-05-(2)—പട്ടികവർഗ്ഗ വികസനം ഭരണം - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്.

ബഡ്ജറ്റ് വിഹിതം : 3.36 ലക്ഷം രൂപ (നോൺ പ്ലാൻ)

24. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏഴ് സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസുകളിലെ വൈദ്യുത ചെലവുകൾക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.64 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-794-99-06—പട്ടിക വർഗ്ഗ വികസനം ഭരണം - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 4.95 ലക്ഷം രൂപ (നോൺ പ്ലാൻ)

25. പട്ടികവർഗ്ഗ വികസന വകുപ്പിൽ ഏഴ് സംയോജിത പട്ടികവർഗ്ഗ വികസന പ്രോജക്ട് ഓഫീസുകളിലെയും അനുബന്ധ ഓഫീസുകളിലേയും വാടക കെട്ടിടങ്ങളുടെ വാടക അനുവദിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 36.10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-02-283-98—ഭവന നിർമ്മാണം - അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണം

ബഡ്ജറ്റ് വിഹിതം : 79 കോടി രൂപ (പ്ലാൻ)

26. പട്ടികവർഗ്ഗ വികസന വകുപ്പ് മുൻ വർഷങ്ങളിൽ ആരംഭിച്ച ഭവന നിർമ്മാണ പദ്ധതികളുടെ സ്പിൽ ഓവർ പൂർത്തിയാക്കുന്നതിനു വേണ്ടി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 15 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

2225-03-102-96—ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 60 വയസ്സിന്മേൽ പ്രായമുള്ള പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (നോൺ പ്ലാൻ)

27. സംസ്ഥാനത്തെ പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട 60 വയസ്സിന്മേൽ പ്രായമുള്ള, കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കൂടുതൽ ഇല്ലാത്തവർക്ക് പ്രതിമാസം 1600 രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്. പ്രസ്തുത തുക മറ്റ് സാമൂഹിക പെൻഷൻ തുകയ്ക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് 2000 രൂപയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിലേയ്ക്ക് 50 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-277-99-12—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ – സ്കോളർഷിപ്പുകളും - സ്റ്റൈപ്പെന്റുകളും.

ബഡ്ജറ്റ് വിഹിതം : 80 കോടി രൂപ (പ്ലാൻ)

28. പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെയും തെരഞ്ഞെടുക്കപ്പെട്ട 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു ലക്ഷം രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നതിനും ഈ ശീർഷകത്തിലെ വിഹിതം ഉപയോഗിക്കുന്നു. 2026-27 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഏകദേശം 460 കോടി രൂപയും 2025-26 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിന്റെ കുടിശ്ശിക അനുവദിക്കുന്നതിന് ഏകദേശം 210 കോടി രൂപയും ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. അതിനാൽ മേൽ ശീർഷകത്തിൽ 500 കോടി രൂപ ധനഃപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-800-81—ഒ.ബി.സി.-യ്ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ (നോൺ പ്ലാൻ)

29. ജുഡീഷ്യറിയിൽ സാമൂഹ്യനീതി ഉറപ്പാക്കുന്നതിന്റെ ഭാഗമായി മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നവർക്ക്

1 ലക്ഷം രൂപ വർഷിക വരുമാനത്തിന് വിധേയമായി 12,000 രൂപ നിരക്കിൽ 3 വർഷത്തേയ്ക്ക് ഗ്രാന്റ് നൽകുന്ന പദ്ധതിയാണിത്. മുൻ വർഷങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ഒന്നാം ഗഡു, രണ്ടാം ഗഡു, മൂന്നാം ഗഡു എന്നിവ അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. അതിനാൽ മേൽ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-99—പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടിജാതിയിലേക്ക് ശിപാർശ ചെയ്യപ്പെട്ടവർക്കുമായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (പ്ലാൻ)

30. കോർപ്പറേഷൻ 2026-27 സാമ്പത്തിക വർഷം ലക്ഷ്യ വിഭാഗങ്ങൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ/സാമൂഹിക പദ്ധതികൾക്കും വായ്പാ പദ്ധതികൾക്കും നിലവിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-98—കേരള സംസ്ഥാന പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ.

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ (പ്ലാൻ)

31. സംസ്ഥാനത്തെ മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന പ്രസ്തുത സ്ഥാപനം ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ടി വിഭാഗങ്ങളുടെ പുരോഗതിക്കുതകുന്ന പരിപാടികൾ നടപ്പാക്കിവരുന്നു. ദേശീയ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന തുകയ്ക്ക് 10% ആനുപാതിക വിഹിതം നൽകേണ്ടതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-97—കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ - ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ.

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

32. സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്. സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ നടപ്പിലാക്കി വന്ന വ്യക്തിഗത / ഗ്രൂപ്പ് ലോണുകൾക്ക് പുറമെ / വായ്പാ പദ്ധതികൾ കൂടി 2026-27 സാമ്പത്തിക വർഷം മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതിനാൽ മേൽ ശീർഷകത്തിൽ 1.65 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കിർത്താഡ്സ്

2225-80-001-99-04-(1)—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - യാത്രാ ചെലവുകൾ - യാത്രാബത്ത.

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

33. പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ ഉന്നമനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക ഗവേഷണങ്ങൾ നടത്തുക എന്നിവയും ജാതി നിർണ്ണയത്തിന്റെ ഭാഗമായി വിവിധ താലൂക്കുകളിൽ നിന്നും പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന സമുദായ കേസുകളുടെയും സ്കൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കു വേണ്ട അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതും ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായതിനാൽ പ്രസ്തുത കാര്യങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10.7826 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-(2)—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 2.22 ലക്ഷം രൂപ (നോൺ പ്ലാൻ)

34. കിർത്താഡ്സിന് നിലവിൽ ഒരു വർഷത്തേയ്ക്ക് വൈദ്യുതി ചെലവ് ഇനത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.28 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-(3)—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ – ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 54,000 രൂപ (നോൺ പ്ലാൻ)

35. വകുപ്പിന് നിലവിലുള്ള 3 ടെലിഫോൺ കണക്ഷനുകൾക്കും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN കണക്ഷനുമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 56,000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-(4)—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ – മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 72,000 രൂപ (നോൺ പ്ലാൻ)

36. കിർത്താഡ്സിന്റെ ഓഫീസ് ചെലവുകൾക്കും മറ്റ് അടിയന്തര ദൈനംദിന ചെലവുകൾക്കും നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.28 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഔദ്യോഗിക ഭാഷാ പ്രയോഗം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

37. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനുമായി 2026-27 സാമ്പത്തിക വർഷത്തിൽ ടോക്കൺ തുക മാത്രമേ

അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 49,000 രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - വിവര സാങ്കേതിക വിദ്യ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

38. ഗസറ്റഡ് നോൺ ഗസറ്റഡ് തസ്തികകളിലായി 60 സ്ഥിരം ഉദ്യോഗസ്ഥരുള്ളതും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമായ കിർത്താഡ്സ് വകുപ്പിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനും ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 1.99 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-21—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - മോട്ടോർ വാഹനങ്ങൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

39. അഞ്ച് വാഹനങ്ങൾ ഉപയോഗിച്ചിരുന്ന കിർത്താഡ്സിൽ നിലവിൽ ഒരു വാഹനംപോലും ഇല്ലാത്തതിനാലും വകുപ്പിലെ സ്ഥിരം ഉദ്യോഗസ്ഥരും താല്ക്കാലിക ഉദ്യോഗസ്ഥരും വകുപ്പിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉൾനാടൻ ഉന്നതികളിലും ഹൈറേഞ്ച് മേഖലകളിലും ഉൾപ്പെടെ ഫീൽഡ്തല യാത്രപോകേണ്ടതിനാലും ഇത്തരത്തിലുള്ള യാത്രകൾക്ക് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാലും 2026-27 സാമ്പത്തികവർഷം രണ്ട് ഡീസൽ എഞ്ചിൻ വാഹനങ്ങൾ വാങ്ങുന്നതിനായി 2225-80-001-99-21 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

40. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് കിർത്താഡ്സിൽ വർക്ക് സ്റ്റഡി നടത്തി രണ്ട് സ്ഥിരം ക്ലറിക്കൽ തസ്തികകൾ അനുവദിച്ചിരുന്നുവെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം പ്രസ്തുത തസ്തികകൾക്ക് സർക്കാർ തലത്തിൽ അംഗീകാരം ലഭിച്ചിരുന്നില്ലെന്നും

അതിനാൽ K-Disk മുഖേന വകുപ്പിൽ 2 ക്ലറിക്കൽ അസിസ്റ്റന്റ് നിയമനം നടത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. അവർക്ക് പ്രതിമാസം 10,000 രൂപ നിരക്കിൽ സ്റ്റൈപ്പന്റ് അനുവദിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് പ്രസ്തുത ശീർഷകത്തിൽ 2.4 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. കിർത്താഡ്സിന്റെ എത്തനോളജിക്കൽ മ്യൂസിയം പണി കഴിപ്പിച്ചിരിക്കുന്നത് 2001-ലാണ് വകുപ്പ് എല്ലാ വർഷവും വിവിധ സർക്കാർ പരിപാടികളിലും കൂടാതെ കോളേജുകൾ, സ്കൂളുകൾ മറ്റു സ്ഥാപനങ്ങളിലും പട്ടിക സമുദായക്കാരുടെ പാരമ്പര്യ അറിവുകൾ പരിചയപ്പെടുത്തുന്നതിനായും എത്തനോളജിക്കൽ മ്യൂസിയം എക്സിബിഷനുകളിൽ പങ്കെടുക്കാറുണ്ടെന്നും എന്നാൽ പ്രസ്തുത കാര്യത്തിനായി ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനും, വകുപ്പിലെ മ്യൂസിയത്തിലേക്ക് വിവിധ ആർട്ടിഫാക്ടുകൾ വാങ്ങുന്നതിനും നിലവിലുള്ളവയുടെ പരിപാലനത്തിനായും ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നും ആയതിനാൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 1.7 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. പട്ടികവർഗ്ഗ സമുദായക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മാത്രമാണ് കിർത്താഡ്സിൽ ചെയ്തു വരുന്നതെന്നും എന്നാൽ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികജാതി സമുദായക്കാരുടെ അന്യം നിന്നു പോകുന്ന കലകളും സംസ്കാരവും സംരക്ഷിക്കുന്നതിനായി ആദികലാകേന്ദ്ര എന്നൊരു സ്ഥാപനം വകുപ്പിൽ പ്രവർത്തിക്കുന്നുണ്ടെന്നും എന്നാൽ നിലവിൽ വകുപ്പിനു TSP ഇനത്തിലുള്ള തുകമാത്രമാണ് ലഭിക്കുന്നത് എന്നതിനാൽ പട്ടികജാതി സമുദായക്കാരുടെ കലകളും സംസ്കാരവും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മാത്രമാണ് നടത്തുവാൻ സാധിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആർട്ട് & കൾച്ചറൽ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് കമ്മ്യൂണിറ്റീസ് എന്ന പദ്ധതിക്ക് ന്യൂസർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 26.50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. നിലവിൽ പട്ടികവർഗ്ഗ സമുദായക്കാർക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മാത്രം നടത്തി വരുന്ന വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികജാതി സമുദായക്കാരുടെ ഗവേഷണവും പരിശീലനവും നടത്തുന്നതിന് അംഗീകാരമുണ്ടെന്നും വകുപ്പിലെ നരവംശശാസ്ത്ര ഗവേഷണ വിഭാഗത്തിൽ പ്രവർത്തിക്കുന്ന വിജിലൻസ് സെല്ലിൽ പട്ടികജാതി സമുദായക്കാരുടെ സമുദായ കേസുകൾ ചെയ്തു വരുന്നുണ്ടെന്നും എന്നാൽ നിലവിൽ വകുപ്പിനു TSP ഇനത്തിലുള്ള തുകമാത്രം ലഭിക്കുന്നതിനാൽ പട്ടികജാതി സമുദായക്കാർക്കു വേണ്ടിയുള്ള പരിശീലന, ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനു സാധിക്കുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. സപ്പോർട്ട് ടു റിസർച്ച് ആന്റ് ട്രെയിനിങ് ആക്ടിവിറ്റീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് (SC's) എന്ന പദ്ധതി

നടത്തിപ്പിനായി ന്യൂസർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകം അനുവദിച്ച് 1.12 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. ഈ വകുപ്പിലെ നരവംശശാസ്ത്ര ഗവേഷണ വിഭാഗത്തിൽ പ്രവർത്തിക്കുന്ന വിജിലൻസ് സെല്ലിൽ പട്ടികസമുദായക്കാരുടെ സമുദായ കേസുകൾ ചെയ്തു വരുന്നതിനു പുറമെ ബഹു. ഒ.ബി.സി. കമ്മീഷനിൽ നിന്നും സർക്കാറിൽ നിന്നുമുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒ.ബി.സി. സമുദായങ്ങളുടെ കേസുകളും ചെയ്തു വരുന്നുവെന്നും പ്രസ്തുത സമുദായത്തെക്കുറിച്ചുള്ള പഠനത്തിനായി TSP ഇനത്തിലുള്ള തുക മാത്രമാണ് ഈ വകുപ്പിനു അനുവദിച്ചു കിട്ടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഒ.ബി.സി. സമുദായ കേസുകളുടെ പഠനം സംബന്ധിച്ച വിഷയം 2026-27 വർഷത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം (റിസർച്ച് സ്റ്റഡീസ് ഓഫ് അതർ ബാക്ക് വേഡ് കമ്മ്യൂണിറ്റീസ്) പുതിയ ശീർഷകം അനുവദിച്ച് 60 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. പട്ടികവർഗ്ഗ മേഖലയിലെ വനിതാശിശു വികസനം ആധാരമാക്കി ജെൻഡർ ബഡ്ജറ്റിംഗ് പദ്ധതി കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. 2026-27 വർഷത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്നതിനായി ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകം (പ്രോഗ്രാംസ് അണ്ടർ ജെൻറർ റെസ്പോൺസിവ് ബഡ്ജറ്റിങ്) അനുവദിച്ച് 75 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. പട്ടിക വർഗ്ഗ മേഖലകളിലെ ഭാഷാപരമായ ഉന്നമനം പ്രാവർത്തികമാക്കുന്നതിനും ആയത് പൊതുസമൂഹത്തിന് സുപരിചിതമാക്കുന്നതിനും ഭാഷാ ശാസ്ത്ര വിഭാഗവും പരിശീലന വിഭാഗവും ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. 2026-27 വർഷത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ ഈ പദ്ധതിയ്ക്ക് ശീർഷകമോ തുകയോ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം പുതിയ ശീർഷകം (ട്രൈബൽ ലിംഗ്വിസ്റ്റിക്സ്- റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ്) അനുവദിച്ച് 70 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. കിർത്താഡ്സിന്റെ ബൃഹത്ത് പദ്ധതിയായ ഗോത്രസ്വാതന്ത്ര്യ സമര സേനാനി മ്യൂസിയം നിർമ്മാണം പൂർത്തീകരിക്കുന്നതോടെ ഉണ്ടാകുന്ന തുടർ ചെലവുകൾക്കായി ശീർഷകമോ തുകയോ ലഭ്യമാകാത്തതിനാൽ ന്യൂ സർവ്വീസ് പ്രൊസീജിയർ പ്രകാരം

പുതിയ ശീർഷകം (Strengthening ഓഫ് കിർത്താഡ്സ് ഡിപ്പാർട്ട്മെന്റ്) അനുവദിച്ച് 1.75 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. പട്ടിക വർഗ്ഗ വികസനത്തിന്റെയും ഗവേഷണത്തിന്റെയും കലകളുടെയും പുരോഗമനം ലക്ഷ്യമിട്ട് കൊണ്ട് വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ഓരോ യൂണിവേഴ്സിറ്റികളിലും ഒരു ട്രൈബൽ വിങ് രൂപീകരിക്കുന്നതിനായി ലക്ഷ്യമിടുന്നു. ആയതിലൂടെ പട്ടിക വർഗ്ഗ മേഖലയിലെ സമഗ്ര ഗവേഷണം, ശാക്തീകരണം, വികസനം, പുതിയ അറിവുകളുടെ ഏകോപനം എന്നിവ സാധ്യമാവുന്നു. 2026-27 വർഷത്തെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിക്ക് ന്യൂ സർവ്വീസ് പ്രൊസീജ്യർ പ്രകാരം പുതിയ ശീർഷകം (ട്രൈബൽവിങ് യൂണിവേഴ്സിറ്റീസ് ഇൻ കേരള) അനുവദിച്ച് 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ

2225-80-800-96-31—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.4590 കോടി രൂപ (നോൺ പ്ലാൻ)

49. കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 399.74 ലക്ഷം കോടി രൂപയാണ് 2026-27 സാമ്പത്തിക വർഷത്തെ ചെലവായി കണക്കാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5384 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-800-96-36—കേരള സംസ്ഥാന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ - സഹായധനം - ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 57.66 ലക്ഷം രൂപ (നോൺ പ്ലാൻ)

50. കമ്മീഷനിലെ സാധാരണ ചെലവുകൾക്ക് പുറമേ ഇ-ഫയൽ സിസ്റ്റം നടപ്പിലാക്കുന്നതിനും വെബ്സൈറ്റ് നിർമ്മിക്കുന്നതിനും കാലഹരണപ്പെട്ട രണ്ട് വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങേണ്ടതിനാലും ഈ ശീർഷകത്തിൽ 1.1424 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI

## സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 210765819 കോടി രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

## സാമൂഹ്യ നീതി വകുപ്പ്

2235-02-800-98—മിശ്രവിവാഹങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.2678 കോടി രൂപ (പദ്ധതിയേതരം)

51. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2018 മുതൽ 2025 ജനുവരി 31 വരെ ലഭിച്ച 3818 അപേക്ഷകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.4552 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-89—ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ്വിഹിതം : 1.26 കോടി രൂപ (പദ്ധതിയേതരം)

52. 2026-27 സാമ്പത്തിക വർഷം ഭിന്നശേഷിക്കാർക്കുള്ള ഭവനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമയതിനാൽ ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 75.6 ലക്ഷം രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 1.66 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 77.26 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-101-68—ഭിന്നശേഷി സർട്ടിഫിക്കറ്റ് ഉൾപ്പെടയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി

ബഡ്ജറ്റ്വിഹിതം : 1 കോടി രൂപ (പദ്ധതി)

53. സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാന രേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകർക്ക് ഹോണറേറിയം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-97—സംരക്ഷണ കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 66.64 ലക്ഷം (പദ്ധതിയേതരം)

54. ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ 2026-27 വർഷത്തെ ഗ്രാന്റ് മുഴുവൻ കൊടുത്തുതീർക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 40.15 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 47.79 ലക്ഷം

2235-02-104-89(31)—സഹായധനം-ശമ്പളം

36.45 ലക്ഷം (നോൺ പ്ലാൻ)

2235-02-104-89(36)—സഹായധനം-ശമ്പളേതരം

11.34 ലക്ഷം (നോൺ പ്ലാൻ)

55. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെ 7 ജീവനക്കാർക്കും കൗൺസിലിംഗ് നടത്തുന്ന 40 കൗൺസിലർമാർക്കും പ്രതിമാസ ഓണറേറിയവും യാത്രാബത്തയും അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ശമ്പള ഇനത്തിൽ 81.53 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 13.14 ലക്ഷം രൂപയും ചേർത്ത് ആകെ 94.67 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-107-98(36)—സന്നദ്ധസംഘടനകൾക്കുള്ള സഹായം-സഹായധനം ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 17.1564 കോടി രൂപ (പദ്ധതിയേതരം)

56. 2026-27 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് പൂർണ്ണമായും കൊടുത്തുതീർക്കാൻ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.6902 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 11.5 കോടി രൂപ (പദ്ധതി)

57. ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ പദ്ധതിയായ കൈവല്യ പദ്ധതിയിലെ മരണപ്പെട്ട 121 ഗുണഭോക്താക്കളുടെ വായ്പാതുക എഴുതി തള്ളുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമകോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ (നോൺ പ്ലാൻ)

58. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കായി 2026-27 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, പ്രസ്തുത ശീർഷകത്തിൽ 1.2 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-06-200-72-(07)—കേരള സാമൂഹ്യ സുരക്ഷാ മിഷൻ - വയോമിത്രം

ബഡ്ജറ്റ് വിഹിതം : 27.5 കോടി രൂപ(പദ്ധതി)

59. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ്ണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന വയോമിത്രം പദ്ധതിയിൻ കീഴിൽ നിലവിൽ 104 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതായും പ്രസ്തുത പദ്ധതി പഞ്ചായത്ത് തലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്ക്

നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ, മേൽ ശീർഷകത്തിൽ 46.8625 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-(11)—കേരള സാമൂഹ്യ സുരക്ഷാ മിഷൻ-സ്നേഹപൂർവ്വം

ബഡ്ജറ്റ് വിഹിതം : 22 കോടി രൂപ(പദ്ധതി)

60. മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനും മുൻവർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 40.205585 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-(15)—കേരള സാമൂഹ്യ സുരക്ഷാ മിഷൻ- വീ കെയർ

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ(പദ്ധതി)

61. കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കുന്ന ക്ഷേമപരിപാടികൾക്കും വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്കും ഫണ്ട് സ്വരൂപിക്കുന്നതിനുള്ള ധനാഗമ മാർഗ്ഗമായ വീ കെയർ പദ്ധതി പ്രവർത്തനങ്ങൾക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72(21)—കേരള സാമൂഹ്യ സുരക്ഷാ മിഷൻ- പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സുരക്ഷാപദ്ധതി

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ(പദ്ധതി)

62. മിഠായി പദ്ധതി മുഖേന ഉപഭോക്താക്കളായ ടൈപ്പ് 1 പ്രമേഹ ബാധിതരായ കുട്ടികൾക്ക് മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 8.9501 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72(25)—കേരള സാമൂഹ്യ സുരക്ഷാ മിഷൻ -സമാശ്വാസം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ(പദ്ധതി)

63. സമാശ്വാസം പദ്ധതിയിൽ 2021 മുതലുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 93.6 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വനിതാ ശിശുവികസന വകുപ്പ്

2235-02-102-89—കേരള അങ്കണവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ (നോൺ പ്ലാൻ)

64. കേരള അങ്കണവാടി ജീവനക്കാരിൽ 2025-26 വർഷങ്ങളിൽ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 82.8535 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-53—ബാലാവകാശ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 2.6 കോടി (പ്ലാൻ)

6.3170 കോടി (നോൺ പ്ലാൻ)

65. ആർ.ടി.ഇ. ഡിവിഷൻ, പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റ് 2012-ന്റെ നിർവ്വഹണവും മോണിറ്ററിംഗും കുട്ടികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ കമ്മീഷറേറ്റിന്റെ തുടർപ്രവർത്തനങ്ങളുടെ നടത്തിപ്പ് എന്നീ ചെലവുകൾക്ക് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ പ്ലാൻ ശീർഷകത്തിൽ 36 ലക്ഷം രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 50 ലക്ഷം രൂപയും ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

2235-02-102-26—കേരള സംസ്ഥാന ശിശു ക്ഷേമ സമിതി

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ ( നോൺ പ്ലാൻ)

66. ദത്തെടുക്കൽ ശിശുപരിചരണ കേന്ദ്രങ്ങളുടെയും അവയിലുള്ള പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുഞ്ഞുങ്ങളുടെയും എണ്ണത്തിൽ വന്ന വർദ്ധനവും ചെലവിലുണ്ടായ വർദ്ധനവും അമ്മത്തൊട്ടിലിൽ ലഭിക്കുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും പുതിയ അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനർവിനിയോഗം

വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-90(02)—സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി - കേരള വനിതാ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

67. വനിതാ വികസന കോർപ്പറേഷന്റെ ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം, ബോധ്യം പദ്ധതികൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-89—വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

68. ലീഡ് പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ധന സഹായം

ബഡ്ജറ്റ് വിഹിതം : 48.40 ലക്ഷം രൂപ (നോൺ പ്ലാൻ)

69. വിധവകളുടെ കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനായുള്ളതാണ് പടവുകൾ എന്ന പദ്ധതി. പ്രസ്തുത പദ്ധതിക്ക് 2024-25, 2025-26, 2026-27 സാമ്പത്തിക വർഷങ്ങളിൽ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.516 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-68—വനിതാ വികസന പദ്ധതികൾ

ബഡ്ജറ്റ് വിഹിതം : 29.92 കോടി രൂപ (പ്ലാൻ)

70. നിർഭയ പദ്ധതിയുടെ ഭാഗമായുള്ള 22 ഷെൽട്ടർ ഹോമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-104-99—<u>ശ്രീ ചിത്രാ ഹോം - സഹായധനം</u>

ബഡ്ജറ്റ് വിഹിതം : 83.77 ലക്ഷം രൂപ (നോൺപ്ലാൻ)

2235-02-104-99 (31)—<u>സഹായധനം-ശമ്പളം</u>

51.36 ലക്ഷം രൂപ

2235-02-104-99 (35)—<u>മൂലധനത്തിനുള്ള സഹായധനം</u>

1,000 രൂപ

2235-02-104-99(36)—<u>സഹായധനം ശമ്പളേതരം</u>

32.40 ലക്ഷം രൂപ

71. കുട്ടികൾക്കായുള്ള സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനത്തിനു വേണ്ടി 31-സഹായധനം-ശമ്പളം എന്ന ഇനത്തിൽ 80 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതെങ്കിലും 51.36 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരിത്തിട്ടുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. ശ്രീചിത്ര ഹോമിലെ 200 പെൺകുട്ടികളും 50 ആൺകുട്ടികളും താമസിക്കുന്ന കോമ്പൗണ്ടിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും മുതിർന്ന പെൺകുട്ടികൾക്കായുള്ള ആഫ്റ്റർ കെയർ ഹോം മാതൃശിശു പുനരധിവാസ ഷോർട്ട് സ്റ്റേ ഹോം, അപ്പാരൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണത്തിനും ടോക്കൺ തുക മാത്രമേ വകയിരുത്തിയിട്ടുള്ളൂവെന്നും സമിതി മനസിലാക്കുന്നു. അതിനാൽ (31) - സഹായധനം-ശമ്പളം എന്ന ശീർഷകത്തിൽ 48.01 ലക്ഷം രൂപയും (35) - മൂലധനത്തിനുള്ള സഹായധനം എന്ന ഇനത്തിൽ 60 കോടി രൂപയും ഒരു കുട്ടിക്ക് 2,000 രൂപ നിരക്കിൽ 150 കുട്ടികൾക്ക് വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്ക് ഗ്രാൻഡ് 36 ലക്ഷം രൂപ ധനസഹായം ലഭിക്കേണ്ടതിനാൽ (36) സഹായധനം ശമ്പളേതരം എന്ന ഇനത്തിൽ 54 ലക്ഷം രൂപയും ഉൾപ്പെടെ ആകെ പ്രസ്തുത ശീർഷകത്തിൽ 61.0201 കോടി രൂപ <u>ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-02-190-99—<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 16 കോടി രൂപ (പ്ലാൻ)

72. സംസ്ഥാനത്തെ വനിത സംരഭകർക്കായും ഇന്നവേറ്റേഴ്സിനായും എക്സ്പോ സംഘടിപ്പിക്കുന്നതിനും വായ്പാ വിതരണത്തിനുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.3 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുഭരണ വകുപ്പ്

2235-02-001-87-31—മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 2.1908 കോടി രൂപ (നോൺപ്ലാൻ)

73. കമ്മീഷൻ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം, ഡി.എ. അരിയർ, ആർജ്ജിതാവധി, ചെലവ് എന്നിവയ്ക്ക് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.2848 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-97-31—കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനുള്ള ധന സഹായം - സഹായ ധനം ശമ്പളം

ബഡ്ജറ്റ് വിഹിതം : 53.59 ലക്ഷം രൂപ (നോൺ പ്ലാൻ)

74. കോർപ്പറേഷനിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറും നിയമിതരാവുകയും ഇവരുടെ വേതനം, ശമ്പളം ഈ ശീർഷകത്തിൽ നിന്ന് വഹിച്ച് തുടങ്ങുകയും ചെയ്തെങ്കിലും അതിനനുസൃതമായി ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഡി.എ., ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ചെലവിന് ആനുപാതികമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും പ്രസ്തുത ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

## ആഭ്യന്തര വകുപ്പ്

2235-02-106-98—ദുർഗുണ പരിഹാര പാഠശാല

ബഡ്ജറ്റ് വിഹിതം : 2.4865 കോടി രൂപ (നോൺ പ്ലാൻ)

75. ബോർസ്റ്റൽ സ്കൂളിലെ അന്തേവാസികളുടെ വേതനം, അടിയന്തര ചികിത്സാ ചെലവ്, മരുന്ന്, കോടതികളിൽ ഹാജരാക്കുന്നതിനു വേണ്ടി വരുന്ന ബാറ്റ, ബാർബർ ചാർജ്ജസ് എന്നിവയ്ക്കായി 2235-02-106-98-34-03 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 15 ലക്ഷം രൂപയും ബോർസ്റ്റൽ സ്കൂളിലെ അന്തേവാസികളുടെ ഭക്ഷണാവശ്യങ്ങൾക്കായി 2235-02-106-98-56 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപയും (ആകെ 35 ലക്ഷം രൂപ) ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സൈനിക ക്ഷേമ വകുപ്പ്

2235-60-200-71—ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ് -ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം - ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

76. 4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപ ആകുന്നു. ഇതിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് നാളിതുവരെ 9.5 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇനിയും ഈ വകയിൽ 3.47 കോടി രൂപ ലഭിക്കുവാനുണ്ട്. ആംഡ് ഫോഴ്സ് ഫ്ലാഗ് ഡേ ഫണ്ടിലേക്ക് ലഭിക്കുന്ന പ്രസ്തുത തുക വിമുക്തഭടന്മാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും വിമുക്തഭടൻമാർക്കും ആശ്രിതർക്കും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും

സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.47 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ  വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,<br>2026 ഫെബ്രുവരി 19.

**ഒ. ആർ. കേളു,**<br>*ചെയർപേഴ്സൺ,*<br>*സബ്ജക്ട് കമ്മിറ്റി XIII.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2026

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.